പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

22.02.2016-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3049

## ക്ഷേമപെൻഷനുകളുടെ ട്രാൻസ്ഫർ ചെയ്യൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ഒരു തദ്ദേശസ്ഥാപനത്തിന്റെ കീഴിൽ നിന്നും മറ്റൊരു തദ്ദേശസ്ഥാപനത്തിന്റെ കീഴിലേയ്ക്ക് താമസം മാറുന്നവരുടെ ക്ഷേമപെൻഷൻ പുതിയ തദ്ദേശ സ്ഥാപനത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) ക്ഷേമപെൻഷനുകൾ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സൗകര്യം നിലവിലില്ല. |
| (ബി) ഇപ്രകാരം ക്ഷേമപെൻഷനുകൾ ട്രാൻസ്ഫർ ചെയ്തു നൽകാൻ കഴിയാത്തതിനാൽ ലഭിച്ചുകൊണ്ടിരുന്ന ക്ഷേമപെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) താമസം മാറുന്ന തദ്ദേശഭരണ സ്ഥാപനത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നൽകാവുന്നതാണ്. അർഹതയുള്ള പക്ഷം പെൻഷൻ ലഭിക്കുന്നതിന് തടസ്സമില്ലാത്തതിനാൽ പെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നില്ല. |
| (സി) പുതിയ വാസസ്ഥലത്തെ വിലാസത്തിൽ റേഷൻകാർഡും തിരിച്ചറിയൽ രേഖകളും ലഭിക്കും വരെ പുതുതായി ക്ഷേമപെൻഷന് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം പരിഗണിച്ച് ക്ഷേമപെൻഷൻ ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ ? | (സി) ഗുണഭോക്താവിന്റെ അർഹത പുതിയ താമസസ്ഥലത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് ബോദ്ധ്യപ്പെട്ട് പെൻഷൻ അനുവദിക്കേണ്ടതുള്ളതിനാൽ ട്രാൻസ്ഫർ ചെയ്യുന്നത് പ്രയോഗികമല്ല. |

സെക്ഷൻ ഓഫീസർ